# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി. 10/847/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 19/01/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി. 10/847/2021 തീയ്യതി: 19/01/2022

## കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 24-11-2021 | 01-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-11-2021 | 01-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ. സി, ഓഡിറ്റ് ഓഫീസർ

തോമസ്.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

രഘുനാഥൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സുനിൽ കുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഹരിവേണുഗോപാലൻ. കെ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മാധവൻ മണിയറ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| പ്രമീള സി.വി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ടി.വി.പ്രഭാകരൻ | സെക്രട്ടറി | 01-04-2020 | 31-12-2020 |
| കെ.നാരായണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-01-2021 | 25-03-2021 |
| രാജീവൻ..കെ | സെക്രട്ടറി | 26-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ.നാരായണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| അനുസൂര്യ.എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ധന്യ.പി.വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സോനാ സണ്ണി | വെറ്റിനറി സർജ്ജൻ | 01-04-2020 | 29-10-2020 |
| ഡോ.സ്മിത .എം.സെബാസ്റ്റ്യൻ | വെറ്റിനറി സർജ്ജൻ | 30-10-2020 | 22-01-2021 |
| ഡോ.ശ്രീവിദ്യാ നമ്പ്യാർ | വെറ്റിനറി സർജ്ജൻ | 23-01-2021 | 31-03-2021 |
| ഡോ. പ്രിയ.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.മുജീബ് റഹ്മാൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| സുരേഷ് ബാബു.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കുട്ടമത്ത് നഗർ സർക്കിൾ | 01-04-2020 | 26-10-2020 |
| രജിഷ കൃഷ്ണൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കുട്ടമത്ത് നഗർ | 27-10-2020 | 31-03-2021 |

| | | | |
|---|---|---|---|
| | സർക്കിൾ | | |
| സരിത.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ചെറുവത്തൂർ സർക്കിൾ | 01-04-2020 | 31-03-2021 |
| സരിത.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| മാധവൻ.പി | പ്രധാനധ്യാപകൻ | 01-04-2020 | 31-03-2021 |
| വേണുഗോപാലൻ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 10-08-2020 |
| രമ്യ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 11-08-2020 | 31-03-2021 |
| പോൾ.എം.എഫ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.പ്രവീൺ കുമാർ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Thomas. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 04-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-2-1 |
| 4 | ആസ്തികളുടെ അക്കൗണ്ടിംഗ് അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-2-2 |
| 5 | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-2-3 |
| 6 | ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റായി ലഭിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-2-4 |
| 7 | ജേർണൽ എൻട്രികൾ ആധികാരികമല്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-2-5 |
| 8 | ബാധ്യതാ തുകകളിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-2-6 |
| 9 | സാമ്പത്തിക വിശകലനം<br>Written By: Sunilkumar. M (Senior Grade Auditor, On 29-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-3 |
| 10 | വിവിധ ഫണ്ടുകളുടെ വിനിയോഗം<br>Written By: Sunilkumar. M (Senior Grade Auditor, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 04-01-2022) | 1-4 |
| 11 | പദ്ധതി അവലോകനം.<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vinoth Kumar C (Audit Officer, On 29-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-6 |
| 13 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Raghunadhan. K (Asst. Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Hari Venugopalan K V (Auditor, On 29-11-2021) | 1-8 |

| | | |
|---|---|---|
| | Last Updated By: Hari Venugopalan K V (Auditor, On 29-11-2021) | |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-9 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-10 |
| 17 | അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Hari Venugopalan K V (Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-11 |
| 18 | സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്ക്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.<br>Written By: Hari Venugopalan K V (Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 1-12 |
| 19 | തെരുവ് വിളക്ക് വാങ്ങൽ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 01-12-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 04-01-2022) | 1-13 |
| 20 | പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക നൽകി<br>Written By: Raghunadhan. K (Asst. Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-14 |
| 21 | ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 01-12-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-01-2022) | 1-15 |
| 22 | കാസറഗോഡ് വികസന പാക്കേജ്-തുരുത്തി പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മാണം പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 1-16 |
| 23 | പഴയ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കിയത്<br>Written By: Raghunadhan. K (Asst. Audit Officer, On 01-12-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 04-01-2022) | 1-17 |
| 24 | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ ഒടുക്കുന്നതിൽ കാലതാമസം<br>Written By: Raghunadhan. K (Asst. Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-18 |
| 25 | പഞ്ചായത്ത് മിനി കോൺഫറൻസ് ഹാളിൽ എ.സി. സ്ഥാപിക്കുന്ന പ്രവൃത്തി-ഡാറ്റ, ബിൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-19 |
| 26 | വിദ്യാർത്ഥികൾക്കുള്ള ഫർണിച്ചർ വിതരണം അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-20 |

| | | |
|---|---|---|
| 27 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചത് -അനുബന്ധരേഖകൾ ഹാജരാക്കിയില്ല.<br>Written By: Thomas. K (Asst. Audit Officer, On 01-12-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 04-01-2022) | 1-21 |
| 28 | എസ്.എസ്.കെ. വിഹിതം നൽകിയത് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 1-22 |
| 29 | ഹോമിയോ ഡിസ്പെൻസറിക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 1-23 |
| 30 | പച്ചക്കറി കൃഷി- ഗ്രോ ബാഗ് വിതരണം ചെയ്തതിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-24 |
| 31 | കാർഷിക മേഖലയിലെ പദ്ധതികൾ- നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-25 |
| 32 | അഗതിരഹിത കേരളം - ഭവനം പദ്ധതി -പൂർത്തീകരിച്ചിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-26 |
| 33 | പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-27 |
| 34 | പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 1-28 |
| 35 | ബഡ്സ് സ്കൂളിലേക്ക് ഭിന്നശേഷി സൗഹൃദ ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-29 |
| 36 | സുഭിക്ഷ കേരളം-വീട്ടുവളപ്പിൻ കുളത്തിലെ മത്സ്യകൃഷി-വകുപ്പ് വിഹിതം വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Hari Venugopalan K V (Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 1-30 |
| 37 | സുഭിക്ഷ കേരളം-ബയോഫ്ളോക്ക് മത്സ്യകൃഷി-വകുപ്പ് വിഹിതം വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Hari Venugopalan K V (Auditor, On 01-12-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 04-01-2022) | 1-31 |
| 38 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ നിർമാണ സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ- അപാകതകൾ .<br>Written By: Vinoth Kumar C (Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-32 |
| 39 | തൊഴിലുറപ്പ് പദ്ധതി -തോട്ടം കൃഷി അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ കൃഷി വകുപ്പ്/കാർഷിക സർവകലാശാല എന്നിവയുടെ നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.<br>Written By: Vinoth Kumar C (Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-33 |

| | | |
|---|---|---|
| 40 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 26-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 26-11-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 26-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 27-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 26-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 26-11-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 27-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 26-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 26-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 27-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 27-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 4-8 |
| 9 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 27-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-01-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 02-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 20/03/2020 | 1/1 18/02/2021 |
| മുന്നിരിപ്പ് | 13499104 | 33540304 |
| വരവ് | 768368289 | 572931075 |
| ആകെ | 781867393 | 606471379 |
| ചെലവ് | 778730757 | 590313247 |
| നീക്കിയിരിപ്പ് | 3136636 | 16158132 |

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല.

### 1-2-2 ആസ്തികളുടെ അക്കൗണ്ടിംഗ് അപാകതകൾ

ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 27 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രീസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രീസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 20,400/- ആണെങ്കിലും അതിന്റെ ഡിപ്രീസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ വളരെ കൂടുതലായി 1,62,147/- ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ആസ്തി ഹെഡിനും അനുയോജ്യമായ ഡിപ്രീസിയേഷൻ ഹെഡിൽ മാത്രം ഡിപ്രീസിയേഷൻ അക്കൗണ്ട് ചെയ്യേണ്ടതും ആസ്തികളുടെ കാലപ്പഴക്കം അനുസരിച്ച് ഡിപ്രീസിയേഷന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല. കൂടാതെ സ.ഉ.(എം.എസ്.) 152/2011/ തസ്വഭവ / 26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

### 1-2-3 മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്ന് (ജി.ഒ.(ആർടി)നം. 4444/

2020/ ഫിൻ, തിയതി 03.08.2020) ₹45,484/- രൂപ വോട്ടിംഗ് മെഷീന്റെ ചെലവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക 160100402 – Maintenenace Fund Non Road എന്ന വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ജി.ഒ. പ്രൊജക്ട് തയ്യാറാക്കി പ്രസ്തുത ചെലവ് സുലേഖയിൽ ക്രമീകരിച്ചിട്ടില്ല.

### 1-2-4 ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റായി ലഭിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

2020-21 ലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റായി ആകെ ലഭിച്ച തുക 1,28,94,062/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം വരവ് കാണിച്ചിട്ടുള്ളത് 1,25,96,442/- രൂപയാണ്. G.o.(Rt.) No.1057/ 2021/ Fin, 06/02/2021 പ്രകാരം ലഭിച്ച 2,97,620/- രൂപ വരവിലെടുത്തിട്ടില്ല. ഈ തുക ട്രഷറിയിൽ നിന്നും മാറിയിട്ടില്ല എന്ന വിശദീകരണമാണ് പഞ്ചായത്തിൽ നിന്ന് ലഭിച്ചത്. മേൽ ഉത്തരവ് പ്രകാരം ജനറൽ പർപ്പസ് ഫണ്ടിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ട്രഷറിയിൽ നിന്ന് മാറാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

### 1-2-5 ജേർണൽ എൻട്രികൾ ആധികാരികമല്ല.

ജേർണൽ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജേർണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജേർണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേർണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവയും സൂക്ഷിച്ചിട്ടില്ല.

### 1-2-6 ബാധ്യതാ തുകകളിലെ അപാകതകൾ

B-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള എം.എൻ.ആർ.ഇ.ജി.എ., എസ്.എസ്.എ. എന്നിവ ഒഴികെയുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 43968454 |
| വരവ് | 124763464 |
| ആകെ | 168731918 |
| ചെലവ് | 121730883 |
| നീക്കിയിരിപ്പ് | 47001035 |

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 14290875 | 14290875 | 13414567 | 876308 | 93.9 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 3136000 | 3136000 | 3136000 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 10370000 | 10370000 | 10370000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 4497000 | 4497000 | 2923374 | 1573626 | 65 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5580000 | 5580000 | 5580000 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 5580000 | 5580000 | 2444506 | 3135494 | 43.8 |
| ആകെ | 0 | 43453875 | 43453875 | 37868447 | 5585428 | 87.14 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹ 2291663/- (ജനറൽ) , ₹ 29333/- (എസ്.സി.പി), ₹ 45,484/- (സംരക്ഷണ ഗ്രാന്റ് നോൺ റോഡ്) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1122904 | 1122904 | 1122904 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3106667 | 3106667 | 3106667 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10370000 | 10370000 | 10370000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2877890 | 2877890 | 2877890 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5580000 | 5580000 | 5580000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 2444506 | 2444506 | 2444506 | 0 |
| ബി ഫണ്ട് | | | | | |

| | | | | | |
|---|---|---|---|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 480000 | 480000 | 480000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 136000 | 136000 | 136000 | 0 |
| ടി.എസ്.ബി ജനറൽ പർപ്പസ് അക്കൗണ്ട് * | 5104776 | 13357744 | 18462520 | 17462520 | 1000000 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 0 | 2236904 | 2236904 | 2236904 | 0 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് പഞ്ചായത്ത്) | 0 | 5488098 | 5488098 | 5488098 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 488077 | 1356146 | 1844223 | 1820522 | 23701 |
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 447711 | 1035838 | 1483549 | 700000 | 783549 |
| എസ്.എസ്.എ. | 365180 | 14607 | 379787 | 38 | 379749 |
| ടോട്ടൽ സാനിറ്റേഷൻ | 1632823 | 0 | 1632823 | 0 | 1632823 |
| ശുചിത്വ മിഷൻ | 1501 | 2795273 | 2796774 | 0 | 2796774 |
| പൈക്ക | 59348 | 0 | 59348 | 0 | 59348 |
| സാഗി (SAGY) | 16600 | 0 | 16600 | 0 | 16600 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ഖരമാലിന്യ പരിപാലനം | 1108166 | 0 | 1108166 | 0 | 1108166 |
| വിമുക്തി | 31082 | 0 | 31082 | 0 | 31082 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 1350000 | 2600000 | 3950000 | 1436122 | 2513878 |
| ലൈഫ് വായ്പ | 0 | 4540000 | 4540000 | 4540000 | 0 |
| കില പരിശീലനം | 0 | 19688 | 19688 | 19688 | 0 |
| ഇലക്ഷൻ ബൂത്ത് സജ്ജീകരണം | 0 | 68000 | 68000 | 68000 | 0 |
| ക്വാറന്റീൻ കേന്ദ്രം – സഹായം | 0 | 76492 | 76492 | 76492 | 0 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 1,25,96,442/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2020-21 വർഷം 4,43,79,353/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2020-21 വർഷം 4,13,42,220/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 99651522 | 142 | 71429551 | - | 39 | 78.45 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 30 | 12846053 | 22 | 8320193 | 64.76 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 2510331 | 7 | 1360770 | 54.20 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 89 | 41267947 | 71 | 29470050 | 71.41 |
| 4 | കൃഷി ഓഫീസർ | 8 | 4930812 | 8 | 4445126 | 90.14 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 5 | 16500000 | 5 | 12960000 | 78.54 |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 5 | 2746092 | 3 | 415218 | 15.12 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6580228 | 5 | 6017752 | 91.45 |
| 7 | വെറ്റിനറി സർജ്ജൻ | 6 | 2888780 | 4 | 1641830 | 56.83 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 800000 | 2 | 800000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 6 | 2651000 | 5 | 2029069 | 76.53 |
| 10 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 300000 | 1 | 300000 | 100 |
| 11 | പ്രധാനാധ്യാപകൻ | 6 | 1571775 | 5 | 1370517 | 87.19 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2186504 | 2 | 1886504 | 86.27 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1872000 | 2 | 412522 | 22.03 |
| | ആകെ | 181 | 99651522 | 142 | 71429551 | 71.67 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 488077 | 1356146 | 1844223 | 1820522 | 23701 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,43,79,353 | 4,43,79,353 | 4,43,79,353 | 0 |
| ആകെ | 488077 | 45735499 | 4,62,23,576 | 46199875 | 23701 |

(കൂടാതെ 2019-20 വർഷം 100 ദിനം തൊഴിൽ എടുത്തവർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 1,36,000 രൂപയും തൻ വർഷം വിനിയോഗിച്ചിട്ടുണ്ട്)

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 2471 പദ്ധതികളുൾപ്പെടുന്ന 61.44 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ (അഡീഷണൽ പ്ലാൻ ഉൾപ്പടെ) ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 196 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 136586 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 210 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമ പഞ്ചായത്തിൽ വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 6052000 | 381 |
| വിധവാ പെൻഷൻ | 20727200 | 1336 |
| വാർദ്ധക്യകാല പെൻഷൻ | 27395600 | 1968 |
| വികലാംഗ പെൻഷൻ | 4909200 | 321 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ | 912700 | 63 |

| | | |
|---|---|---|
| പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 480000 | 16 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2021 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 7,067/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പൊതു നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | ഫുൾടൈം സ്വീപ്പർ | 1 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 2 |

09.05.2017ഉത്തരവ് നം ജെ.എസ്-5/17പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച നൽകുമ്പോൾ സോഫ്റ്റ്വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സമ്പന്ധിച്ച് പരാമർങ്ങളൊന്നും ഇല്ല. ഇത് പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 28 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 17 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 19 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 19 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 19 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ

മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ 4/2020 ൽ ഒഴികെ പാലിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-2021 സാമ്പത്തിക വർഷം 7 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരു തവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

കൺട്രോൾ ഓവർ അക്കൗണ്ട്

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രീകൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. എന്നാൽ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല. ജേർണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജേർണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേർണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവയും സൂക്ഷിച്ചിട്ടില്ല. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൌണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ / വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

പഞ്ചായത്തിൽ നില നിർത്തി വരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്ന് ₹45,484/- രൂപ വോട്ടിംഗ് മെഷീന്റെ ചെലവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് വരുമാനക്കണക്കിൽ

ഉൾപ്പെടുത്തിയിട്ടില്ല. ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റായി ലഭിച്ച 2,97,620/- രൂപയും തൻവർഷം വരവിലെടുത്തിട്ടില്ല. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്.

ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം

ഓരോ വരവിനത്തിലുമുള്ള ഡിമാന്റുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലെഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റിക്കൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്.

ഗ്രാമ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-21 വർഷത്തിൽ ഒരു തവണ യോഗം ചേർന്നിട്ടുണ്ട്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ജൂനിയർ സൂപ്രണ്ടന്റ് ശ്രീ.നീൽ, എസ്.എ. -യുടെ ശമ്പളം ജി.ഒ.(പി) നം 7/2016/Fin തീയതി 20.01.2016 പ്രകാരം പരിഷ്കരിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പു കൽപിക്കുന്നുണ്ട്

എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

## 1-10 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റിക്കൺസൈൽ ചെയ്യേണ്ടതുമാണ്.

പഞ്ചായത്തിലെ അസസ്സ് മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 3650 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം- 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 2917 |
| | 2 | 100 ച. മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 121 |
| | 3 | 200 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 17 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 106 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 5 |

| | | | |
|---|---|---|---|
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 90 |
| III | | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ്, റിസോർട്ട് | 114 |
| IV | 1 | വ്യവസായം-ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 253 |
| | 2 | ഇതര വ്യവസായം | 27 |
| | | ആകെ | 3650 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 703 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2) ലൈസൻസ് ഫീസ് ഈടാക്കിയതിൽ അപാകത.

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം,അപേക്ഷകന്റെ പേര്, വിശദാംശങ്ങൾ | രസീത് നം, തീയ്യതി | മൂലധന നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | നം. 485, സിദ്ദിഖ് ടി കെ, നാഷണൽ ഐസ് പ്ലാന്റ് കൊവ്വൽ, ചെറുവത്തൂർ – സംസ്കരണ ആവശ്യത്തിലേക്കുള്ള ഐസ് ഉദ്പാദിപ്പിച്ച് വിൽപ്പന നടത്തുന്നതിന്. | 120220-100716, 08.07.2020 | അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപം 40,00,000/- രൂപ | 500/- | 1,000/- | 500/- |
| 2 | നം. 490, ഡോ. ടി കെ മുഹമ്മദ് അലി, കെ.എ.എച്ച്.എം. | 120220-100764, 120220- | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർ | 500/- | 5,000/- | 4,500/- |

| | | | | | | |
|---|---|---|---|---|---|---|
| | ഹോസ്പിറ്റൽ ചെറുവത്തൂർ-ആശുപത്രി നടത്തിപ്പിന്റെ ആവശ്യത്തിന് | 100765, 13.07.2020 | ഡിൽ നിന്നു ള്ള 22.08.2019 തീയ്യതിയിലെ PCB/ KSRD/ CO/ 383/ 2008 നം. സാക്ഷ്യ പത്രത്തിൽ രേഖ പ്പെടുത്തിയ മൂലധന നിക്ഷേപം 1,50,00,000/- രൂപ | | | |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവു വന്ന തുക മേൽ പരാമർശിച്ച അപേക്ഷകരിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.17/01.12.2021)

## 1-11 അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 (ii) എ (I) വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് തൊഴിലിൽ ഏർപ്പെട്ട ചുവടെ ചേർത്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് | നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | എം.വി. ബാലകൃഷ്ണൻ, തോട്ടുകര, പി.ഡബ്ല്യ.ഡി. കോൺട്രാക്ടർ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | ടി. വി. സലാം, വി വി നഗർ, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | കെ. രതീഷ്, വെങ്ങാട്ട്, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | സി. സുനിൽ കുമാർ, അച്ചാംതുരുത്തി, പി.ഡബ്ല്യ.ഡി. കോൺട്രാക്ടർ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | സി. നാരായണൻ,അച്ചാംതുരുത്തി, പി.ഡബ്ല്യ.ഡി. കോൺട്രാക്ടർ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |

| | | |
|---|---|---|
| 6 | അരവിന്ദാക്ഷൻ, ചെറുവത്തൂർ, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 7 | എം. വി. കുഞ്ഞികൃഷ്ണൻ, പി.ഡബ്ല്യ.ഡി. കോൺട്രാക്ടർ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 11/30.11.2021)

1-12 സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.

24.02.2015 ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവയുടെ നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ നൽകുന്ന ഉറപ്പിന്റെ (അണ്ടർടൈക്കിംഗ്) അടിസ്ഥാനത്തിലാണ് നികുതി നിരക്ക് നിർണ്ണയിക്കുന്നത്. മേൽ ഉത്തരവ് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്നിവക്ക് 30 രൂപ മുതൽ 60 രൂപ വരെയുള്ള നികുതിയും വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് 3 രൂപ മുതൽ 8 രൂപ വരെയുള്ള നികുതിയുമാണ് നിർണ്ണയിക്കേണ്ടിയിരുന്നത്. ഇപ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമ പഞ്ചായത്തിൽ പരിഷ്കരിച്ചിട്ടില്ല / പരിഷ്കരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള കെട്ടിടങ്ങളുടെ ഗണങ്ങളുള്ള പട്ടികയിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.18/2020-21 / 30.11.2021- ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ കെട്ടിടങ്ങൾ ഇല്ലാത്തിനാലാണ് മേൽ വിജ്ഞാപന ചെയ്യാതിരുന്നതെന്നും ആയത് അടുത്ത ഭരണസമിതി യോഗത്തിൽ ഉൾപ്പെടുത്തി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ കെട്ടിടങ്ങൾ ഇല്ലാത്തിനാലാണ് മേൽ വിജ്ഞാപന ചെയ്യാതിരുന്നതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാർ ഉത്തരവുകൾ യഥാസമയം പാലിക്കാൻ ശ്രദ്ധിക്കേണ്ടതും ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മേൽ പരാമർശിച്ച പ്രകാരമുള്ളതും വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് തരം കെട്ടിടങ്ങളുണ്ടോ എന്നത് പരിശോധിക്കേണ്ടതും നികുതി ചുമത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-13 തെരുവ് വിളക്ക് വാങ്ങൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.0004/21

അടങ്കൽ - 5,40,801/-രൂപ – ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

ചെലവ് - 5,10,554/-രൂപ

1.ബിൽ നം.11/2020-21/1.10.20 - 5,00,000/-രൂപ

2.ബിൽ നം.21/2020-21/3.3.2021 - 10,554/-രൂപ

ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. KREWS ൽ നിന്നും നേരിട്ട് വാങ്ങിയാണ് പദ്ധതി നടപ്പിലാക്കിയത്. 24 Watt LED Luminory Manual Operation With All Fitting Accessories With Installation, 200 എണ്ണമാണ് പദ്ധതി പ്രകാരം വാങ്ങിയത്. ഇതിനായി KREWS 11.9.2020ന് തെരുവ് വിളക്കുകളുടെ പ്രൊഫോർമ ഇൻവോയ്സ്, കരാർ എന്നിവ കത്ത് നം. KREWS-40/ 123/ 20-21/ തിയ്യതി 11.9.2020 പ്രകാരം സമർപ്പിച്ചു. (പ്രൊഫോർമ ഇൻവോയ്സ് നം.KREWS/ A103/ 20-21/ തിയ്യതി 9.9.2020). ഇതേ തിയ്യതിയിൽ തന്നെ കരാർ ഒപ്പിടുകയും തെരുവ് വിളക്ക് വിതരണം ചെയ്യുകയും ചെയ്തു. പ്രൊഫോർമ ഇൻവോയ്സ് നം. KREWS/A103/ 20-21/ തിയ്യതി 9.9.2020 പ്രകാരം ആകെ 200 എണ്ണത്തിന് 5,40,801/-രൂപയാണ് തുക. ബിൽ നം.11/2020-21/1.10.20 പ്രകാരം 5,00,000/- രൂപയും, ബിൽ ,നം.21/2020 -21/3.3.2021 പ്രകാരം 10,554/-രൂപയും ചേർത്ത് ആകെ 5,10,554/-രൂപ കേരളാ ഗ്രാമജ്യോതി ലൈറ്റിംഗ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറി (അക്കൗണ്ട് നം.6725686877/SBI).

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1. KREWS ൽ നിന്നും നേരിട്ട് വാങ്ങുന്നതിന് ഭരണസമിതി അംഗീകാരം നൽകിയത്, KREWS സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സിന് ഭരണസമിതി അംഗീകാരം നൽകിയത് എന്നീ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. 24 Watt LED Luminory Manual Operation With All Fitting Accessories With Installation, 200 എണ്ണമാണ് പദ്ധതി പ്രകാരം വാങ്ങിയത്. ഇത് സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. തെരുവ് വിളക്ക് സ്ഥാപിച്ചത് കേരള സംസ്ഥാന വൈദ്യുതി വകുപ്പിന്റെ മേൽനോട്ടത്തിലാണോ എന്ന് വിശദീകരിക്കേണ്ടതാണ്.

4. 200 എണ്ണം തെരുവ് വിളക്കുകൾ ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചു എന്നതിന് പോസ്റ്റ് നമ്പർ അടക്കം സ്ഥാപിച്ചതിന് KREWS സമർപ്പിച്ച ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. 200എണ്ണം തെരുവ് വിളക്കുകൾ കൃത്യമായി സ്ഥാപിച്ചു എന്നതിന് വാർഡ് മെമ്പർമാർ നൽകിയ പോസ്റ്റ് നമ്പർ അടക്കമുള്ള സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6. ഈ പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശിത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.15/30.11.2021)

## 1-14 പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക നൽകി

2020-21 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം “സേവന” വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക്

മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായും, ചില ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചതായും കാണുകയുണ്ടായി (2020-21 ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ, 2020-21 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.) സ. ഉ. (എം. എസ്.) 483/17/ ധന/ 06.11.17 ഖ. XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാ വർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നതാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താകൾക്ക് ചുവടെ ചേർത്തപ്രകാരം തുടർന്നും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | മരണപ്പെട്ടിട്ടും പെൻ ഷൻ വിതരണം ചെയ്ത തിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| | | | | | മാസം | അനുവദിച്ച തുക |
| 1 | തമ്പാൻ.എം.വി (വികലാംഗ പെൻഷൻ) | 265315996289 | 112060400038 | 24.1.2020 | ഫെബ്രുവരി 2020 മുതൽ ഏപ്രിൽ 2020 വരെ | 3660 |
| 2 | തമ്പാൻ.എം.വി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 265315996289 | 112060202233 | 24.1.2020 | ഫെബ്രുവരി 2020 മുതൽ ഏപ്രിൽ 2020 വരെ | 1800 |
| 3 | കെ.വി.അച്യുതൻ (വാർദ്ധക്യകാല പെൻഷൻ) | 971845138166 | 112060202242 | 1.1.2020 | ജനുവരി 2020 മുതൽ ഒക്ടോബർ 2020 വരെ | 4,800 |
| ആകെ | | | | | | 10,260/- |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ 69/18 നമ്പർ സർക്കുലറിൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം

ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാതു മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ധന/23.9.20) ഖ. 13).

മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.23/ 1-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയതിന് വിശദീകരണം നൽകേണ്ടതാണ്. റാണ്ടം പരിശോധന മാത്രമാണ് നടത്താൻ സാധിച്ചത്, അതിനാൽ മരണപ്പെട്ട കൂടുതൽ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇവ വിശദമായി പരിശോധിച്ച് അപ്ഡേറ്റ് ചെയ്യേണ്ടതാണ്. കൂടാതെ മരണപ്പെട്ട നിരവധി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകിയതിൽ തുക കൈമാറാൻ സാധിച്ചിട്ടില്ല, ഡിസീസ്ഡ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകകളെല്ലാം ബാങ്ക് തിരികെ ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. കൂടാതെ 2020-21 വർഷത്തിൽ സമർപ്പിച്ച മരണപ്പെട്ട ഗുണഭോക്താക്കളുടെ അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. മരണപ്പെട്ട മുഴുവൻ ഗുണഭോക്താക്കളെയും സേവന സോഫ്റ്റ് വെയറിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷ പെൻഷൻ ഇനത്തിൽ തുക തുടർന്നും നൽകിയട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി ഡി.ബി.ടി. സെല്ലിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

1-15 ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.0227/21

അടങ്കൽ - 4,20,000/-രൂപ – തനത് ഫണ്ട്

ചെലവ് - 2,31,122/- രൂപ

ഈ പദ്ധതിയിലൂടെ ഗ്രാമ പഞ്ചായത്തിലേക്ക് വിവിധ ഇലക്ട്രോണിക് ഉപകരണങ്ങൾ താഴെപ്പറയും പ്രകാരം വാങ്ങിയിട്ടുണ്ട്.

1)വൗച്ചർ നം.22000704/ 14.10.2020 പ്രകാരം 11597/- രൂപ വില വരുന്ന Canon LBP 2900 പ്രിന്റർ നെറ്റ് ഇൻ സൈബർ സെന്റർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നം. 82/ 18.9.2020.

2)വൗച്ചർ നം.22001035/ 8.1.2021 പ്രകാരം 11597/- രൂപ വില വരുന്ന Canon LBP 2900 പ്രിന്റർ നെറ്റ് ഇൻ സൈബർ സെന്റർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നം. 131/13.11.2020.

3)വൗച്ചർ നം.22001213/20.2.2021 പ്രകാരം 147425/-രൂപ വില വരുന്ന Canon Image Formula,DR-M1060 സ്കാനർ കോർപ്പറേറ്റ് ബിസിനസ്സ് സൊല്യൂഷൻസ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നം. KNR/437/ 24.11.2020.

4)വൗച്ചർ നം.22001416/ 24.3.2021 പ്രകാരം 60600/- രൂപ വില വരുന്ന 135AH 12V ട്യൂബുലർ ബാറ്ററി ജെ.ബി.പവർ ഇലക്ട്രോണിക്സ് എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നം. JB120210143/27.2.2021.

ഈ 4 പർച്ചേസുകളിൽ ക്രമ നം.(4) പ്രകാരം ഗ്രാമ പഞ്ചായത്തിലെ യു.പി.എസിന് ട്യൂബുലർ ബാറ്ററി വാങ്ങാൻ 5.2.2021 ന് ടെണ്ടർ ക്ഷണിക്കുകയും 8.2.2021 ന് ജെ.ബി.പവർ ഇലക്ട്രോണിക്സ് എറണാകുളം എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ 135AH 12V ട്യൂബുലർ ബാറ്ററി 6 എണ്ണത്തിന് ഒന്നിന് 10100/- രൂപ വച്ച് 60600/- രൂപ എന്നത് അംഗീകരിച്ച് പ്രവൃത്തി നടത്തുകയും ചെയ്തു. ടെണ്ടറിൽ പഴയ 6 ബാറ്ററിക്ക് 1800/-രൂപ വച്ച് 10800/-രൂപ കിഴിവ് രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് 49800/- രൂപ വില നൽകിയാൽ മതി. 20.2.2021 ലെ ഭരണസമിതി തീരുമാനം നം.1(3) പ്രകാരമാണ് ടെണ്ടർ അംഗീകരിച്ചത്. നം.5/20/SC1/ Dt.23.2.2021 പ്രകാരം സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി. 23.2.2021 തിയ്യതി വച്ച് കരാർ ഒപ്പിട്ടു. ഇൻവോയ്സ് നം.JB120210143/ 27.2.2021 പ്രകാരം സ്ഥാപനം 6 ബാറ്ററികൾ വിതരണം ചെയ്തു. വൗച്ചർ നം.22001416/24.3.2021 പ്രകാരം 60600/-രൂപ സ്ഥാപനത്തിന് കൈമാറി. അക്കൗണ്ട് നം.0417073000020301/സിൻഡിക്കേറ്റ് ബാങ്ക്. യു.പി.എസിന് ട്യൂബുലർ ബാറ്ററി വാങ്ങിയതിൽ താഴെപ്പറയുന്ന അപാകത കണ്ടെത്തിയിട്ടുണ്ട്.

സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ പഴയ 6 ബാറ്ററിക്ക് 1800/- രൂപ പ്രകാരം 10800/- രൂപ കിഴിവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാധനം വിതരണം ചെയ്ത ഇൻവോയ്സിൽ കിഴിവ് രേഖപ്പെടുത്തിയിട്ടില്ല. 6 ബാറ്ററിക്ക് 60600/-രൂപയാണ് രേഖപ്പെടുത്തിയത്, കൂടാതെ വില 6 ബാറ്ററി റിട്ടേൺ നൽകിയതിന് ശേഷമുള്ള വിലയാണെന്ന് ഇൻവോയ്സിൽ പറഞ്ഞിട്ടുണ്ട്. ടെണ്ടറിൽ പറഞ്ഞ പ്രകാരം 6 ബാറ്ററി റിട്ടേൺ നൽകിയിട്ടുണ്ടെങ്കിൽ 49800/- രൂപ മാത്രമെ നൽകേണ്ടതുള്ളൂ. 10800/-രൂപ അധികം നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.10/30.11.2021 പ്രകാരം ഇതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ 10800/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 കാസറഗോഡ് വികസന പാക്കേജ്-ഉദുത്തി പ്രാഥമിക ആരോഗ്യ കേന്ദ്രം നിർമ്മാണം പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.0132/21

അടങ്കൽ - 25,00,000/-രൂപ – തനത് ഫണ്ട്

ചെലവ് - 25,00,000/-രൂപ

വൗച്ചർ നം.22000498/ 23.9.2020 – 25,00,000/-രൂപ

കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ പദ്ധതകൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിലെ തുരുത്തി പ്രാഥമിക ആരോഗ്യ കേന്ദ്രം ആർദ്രം പദ്ധതിയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി ഗ്രാമ പഞ്ചായത്ത് വിഹിതമായി തുക വകയിരുത്തണം. സ്പെഷ്യൽ ഓഫീസർ & അഡീഷണൽ സെക്രട്ടറി, കാസറഗോഡ് വികസന പാക്കേജിന്റെ കത്ത് നം.672/2019/ കെ.എസ്.ഡി/ കെ.ഡി.പി(500)/ തിയ്യതി 9.7.2020 പ്രകാരം പദ്ധതിക്ക് ഭരണാനുമതി ലഭിച്ചുണ്ടെന്നും ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് വിഹിമായി 25,00,000/- രൂപ വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിട വിഭാഗം മേൽ പ്രവൃത്തി ടെണ്ടർ ചെയ്ത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, അതിനാൽ തുക പൊതു മരാമത്ത് കെട്ടിട വിഭാഗത്തിന് കൈമാറണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ സൂചനാ വൗച്ചർ പ്രകാരം 25 ലക്ഷം രൂപ പൊതു മരാമത്ത് കെട്ടിട വിഭാഗത്തിന്റെ 8443-00-108-00-00 PW-Deposit എന്ന ഹെഡിൽ നിക്ഷേപിച്ചു. ഈ പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദ വിവരങ്ങൾ, ഗ്രാമ പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.05/30.11.2021 പ്രകാരം ഇക്കാര്യം അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പൂർത്തീകരണ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

### 1-17 പഴയ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കിയത്

വൗച്ചർ നം.22000685/9.10.2020 – 15000/-രൂപ

ചെക്ക് നം.089411/9.10.2020

ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ പഴയ ഓഫീസ് കെട്ടിടം നിലനിന്ന സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കുന്നതിന് 22.9.2020 ന് ക്വട്ടേഷൻ ക്ഷണിച്ചു. പി.വി.ശ്രീധരൻ, കൊവ്വൽ ചെറുവത്തൂർ എന്നയാൾ 26.9.2020 ന് സമർപ്പിച്ച ക്വട്ടേഷൻ 5.10.2020ലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചുകൊണ്ട് പ്രവൃത്തിക്ക് അനുമതി നൽകി. തുക 15000/-രൂപ. പ്രവൃത്തി പൂർത്തീകരിച്ചതിനാൽ തുക നൽകണമെന്ന് നം. SC2-4071/2020 ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിയ്യതി ഇല്ല. വൗച്ചർ നം.22000685/ 9.10.2020 പ്രകാരം 15000/- രൂപ പി.വി.ശ്രീധരന് നൽകി.

മുറിച്ച് നീക്കിയ മരങ്ങൾ അളന്ന് തിട്ടപ്പെടുത്തി വില കണക്കാക്കി ലേലം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 12/30.11.2021)

### 1-18 ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ ഒടുക്കുന്നതിൽ കാലതാമസം

2020-21 വർഷത്തിൽ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പള വിതരണ ബില്ലുകളും വൗച്ചറുകളും പരിശോധന നടത്തിയപ്പോൾ ചില മാസങ്ങളിൽ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ ഒടുക്കുന്നതിൽ കാലതാമസം വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | മാസം/വർഷം | റിക്കവറി ഒടുക്കിയ തിയ്യതി |
|---|---|---|

| | | |
|---|---|---|
| 1 | മാർച്ച് / 2020 | 6.4.2020 |
| 2 | ഏപ്രിൽ / 2020 | 20.5.2020 |
| 3 | മെയ് / 2020 | 10.6.2020 |
| 4 | ജൂൺ / 2020 | 7.7.2020 |
| 5 | ജൂലൈ / 2020 | 10.8.2020 |
| 6 | ആഗസ്റ്റ് / 2020 | 23.9.2020 |
| 7 | സെപ്റ്റംബർ /2020 | 9.10.2020 |
| 8 | ഒക്ടോബർ /2020 | 4.11.2020 |
| 9 | നവമ്പർ /2020 | 4.12.202 |
| 10 | ഡിസംബർ /2020 | 8.1.2021 |
| 11 | ജനവരി /2021 | 6.2.2021 |
| 12 | ഫെബ്രുവരി /2021 | 15.3.2021 |

ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ അതാത് മാസം 5-ാം തിയ്യതിക്കകം ഒടുക്കേണ്ടതാണ്. എന്നാൽ മുകളിൽ സൂചിപ്പിച്ചത് പോലെ പല മാസങ്ങളിലും റിക്കവറികൾ ഒടുക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 പഞ്ചായത്ത് മിനി കോൺഫറൻസ് ഹാളിൽ എ.സി. സ്ഥാപിക്കുന്ന പ്രവൃത്തി-ഡാറ്റ, ബിൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ. |
| പ്രൊജക്ട് നം. | S0185/21 (പഞ്ചായത്ത് കെട്ടിടത്തിൽ മിനി കോൺഫറൻസ് ഹാൾ, ഫ്രണ്ട് ഓഫീസ് എന്നിവയുടെ നിർമ്മാണം) |

പഞ്ചായത്ത് കെട്ടിടത്തിൽ മിനി കോൺഫറൻസ് ഹാൾ, ഫ്രണ്ട് ഓഫീസ് എന്നിവയുടെ നിർമ്മാണം എന്ന പ്രവൃത്തിയിലുൾപ്പെടുത്തി മിനി കോൺഫറൻസ് ഹാളിൽ 3 എയർ കണ്ടീഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി ഇലക്ട്രിക്കൽ സബ് ഡിവിഷൻ കാസറഗോഡിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അകെ 7 ഇനങ്ങളുള്ള വിശദമായ എസ്റ്റിമേറ്റ് (EST No: 2020/3138)

തയ്യാറാക്കിയിട്ടുണ്ട്. 2016 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (കോസ്റ്റ് ഇൻഡക്സ് 32.04%) പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിലെ ആകെ അടങ്കൽ 12% GST ഘടകം ഉൾപ്പെടെ 2.92 ലക്ഷം രൂപയാണ്. ഇപ്രകാരമുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ കണ്ണൂർ പ്രവൃത്തിക്ക് സാങ്കേതികാനുമതിയും (TS No: 1489/2020-2021) നൽകിയിട്ടുണ്ട്. പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ.വിനോദ് കുമാർ. എം -നെ പ്രവൃത്തി ഏൽപ്പിക്കുകയുമുണ്ടായി.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഒന്നാമത്തെ ഇനം "Supply And Installation 2TR 3 Star Split Air-Conditioner Unit Conforming To IS 1391 (Part2/92) Suitable For Operation On 230V+ 10%, 50 Hz Single Phase Ac Supply Fitted Wit Hermetically Sealedcompressor Etc (With 1 Year On Product, 5 Years On Compressor Warranty Period). Voltas / Blue Star/ Daikin/ Carrier (OD66127/ 2020-2021)" എന്നതാണ്. ഇപ്രകാരമുള്ള 3 എ.സി. യൂണിറ്റുകൾക്ക് 75086.38 രൂപ നിരക്കിൽ 225259.14 രൂപ എസ്റ്റിമേറ്റിൽ വകരുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ അളവുപുസ്തകം (നമ്പർ 136/20-21) പ്രകാരം 3 എ.സി. യൂണിറ്റുകൾ (Supply And Installation 2TR 3 Star Split Air-Conditioner Unit Conforming To IS 1391 (Part2/92) Suitable For Operation On 230V+ 10%, 50 Hz Single Phase Ac Supply Fitted Wit Hermetically Sealed Compressor Etc (With 1 Year On Product, 5 Years On Compressor Warranty Period). Voltas/ Blue Star/ Daikin/ Carrier) സ്ഥാപിച്ചതായി അളവുകൾ രേഖപ്പെടുത്തുകയും ആയതിലേക്കായി 2,25,259/- രൂപ അളവുമൂല്യം കണക്കാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ അന്തിമ ബിൽ പ്രകാരം 3 എ.സി. യൂണിറ്റുകൾ സ്ഥാപിച്ചതിന് 12% GST ഘടകം ഉൾപ്പെടെ 2,52,290/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട് (ചെക്ക് നം 271632/ 24.03.2021, ഗ്രോസ് തുക ₹ 2,89,659/- നെറ്റ് തുക ₹ 2,79,315/-). അതായത് ഒരു എ.സി. യൂണിറ്റ് സ്ഥാപിച്ചതിന് 84,097/-രൂപ നിരക്കിൽ പഞ്ചായത്ത് കരാറുകാരന് നൽകിയിട്ടുണ്ട്

പ്രവൃത്തിയിലെ ഒന്നാമത്തെ ഇനമായി ചെയ്ത "Supply And Installation 2TR 3 Star Split Air-Conditioner Unit (OD66127/2020-2021) പ്രവൃത്തിയുടെ ഡാറ്റ, കരാറുകാരൻ പ്രവൃത്തിക്കായി വാങ്ങിയ 3 എ.സി. യൂണിറ്റുകളുടെ ബിൽ, വാറന്റി കാർഡ് എന്നിവ വർക്ക് ഫയലിൽ ലഭ്യമല്ലാത്തതിനാൽ ആയവ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറോട് ഓഡിറ്റ് റിക്വിസിഷൻ നം 2/29.11.2021 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പ്രകാരം കരാറുകാരൻ വോൾട്ടാസ് കമ്പനിയുടെ VOLTAS 243 CZZ(R32) എന്ന മോഡലിലുള്ള 3 എ.സി. യൂണിറ്റുകളാണ് മിനി കോൺഫറൻസ് ഹാളിൽ സ്ഥാപിച്ചത്. കരാറുകാരൻ വാങ്ങിയ എ.സി. യൂണിറ്റിന്റെ പാക്കിംഗ് കവറിലെ (ഗ്രാമ പഞ്ചായത്ത് ഓഫീസിലെ പഴയ മീറ്റിംഗ് ഹാളിൽ സൂക്ഷിച്ചിരിക്കുന്നത്) ലേബൽ പ്രകാരം ഒരു എ.സി. യൂണിറ്റിന്റെ MRP (Inclussive Of All Taxes For 1CBU) 69,990/-രൂപയാണ്. MRP വിലയിൽ നിന്നും ഡിസ്കൗണ്ട് നൽകിയാണ് വിതരണക്കാർ ഇലക്ട്രോണിക്സ് സാധനങ്ങൾ വിൽപന നടത്തുന്നത്. വോൾട്ടാസ് കമ്പനിയുടെ വെബ് സൈറ്റ് പ്രകാരം VOLTAS 243 CZZ(R32) എന്ന മോഡൽ എ.സിയുടെ ഓഡിറ്റ് സമയത്തെ (30.11.2021) വിൽപന വില (25899/-രൂപ ഓഫർ കിഴിച്ച്) 44,091/-രൂപയണ്. പ്രവൃത്തിയുടെ ഡാറ്റ, ബിൽ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭിക്കാത്തതിനാൽ എ.സി. യൂണിറ്റുകൾ സ്ഥാപിച്ച പ്രവൃത്തിയിൽ കരാറുകാരന് അധികം തുക നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഈ പ്രവൃത്തിയിൽ കരാറുകാരന് അധികം തുക നൽകിയിട്ടുണ്ടോ എന്ന് ഉചിതമായ തലത്തിൽ പരിശോധിക്കേണ്ടതാണ്. ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

1-20 വിദ്യാർത്ഥികൾക്കുള്ള ഫർണിച്ചർ വിതരണം അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് നമ്പർ 0015/21 പ്രകാരം 8,9,10 ക്ലാസ്സിൽ പഠിക്കുന്ന പട്ടിക ജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണ പദ്ധതിക്കായി വികസന ഫണ്ടിൽ (എസ്.സി.പി.) നിന്ന് 79,187/- രൂപ (ട്രഷറി ബിൽ.നം.01120031/ തി.20.02.2021) നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ് മാസ്റ്റർ ചെലവഴിച്ചിട്ടുണ്ട്. ഇതു പ്രകാരം 16 വിദ്യാർത്ഥികൾക്ക് ഓരോ മേശയും കസേരയും നൽകിയിട്ടുണ്ട്.പദ്ധതി നടപ്പിലാക്കിയതിലെ ചുവടെ ചേർത്ത രേഖകളും വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികൾ പട്ടിക ജാതിയിൽ ഉൾപ്പെട്ടവരാണെന്ന തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) പട്ടികജാതി വികസന വകുപ്പിൽ നിന്നോ, മറ്റ് സ്രോതസ്സുകളിൽ നിന്നോ വിദ്യാർഥികൾക്ക് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് തെളിയിക്കുന്ന പട്ടികജാതി വികസന വകുപ്പ് ഓഫീസറിൽ നിന്നുമുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) ആനുകൂല്യം ലഭിച്ച ചുവടെ ചേർത്ത വിദ്യാർഥികളുടെ സ്റ്റഡി സർട്ടിഫിക്കറ്റ് (ബന്ധപ്പെട്ട സ്കൂൾ പ്രഥമാധ്യാപകർ നൽകുന്നത്) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | സ്കൂളിന്റെ പേര് |
|---|---|---|
| 1 | വർഷ കെ. | GHSS കുട്ടമത്ത് |
| 2 | അവിനാശ് കെ. | ,, |
| 3 | ശ്രീലക്ഷ്മി സി. | ,, |
| 4 | അജയരാജ് എം. | ,, |
| 5 | അജിത് വിജയ് | ,, |
| 6 | കാർത്തിക് കൃഷ്ണൻ | ,, |
| 7 | പ്രയാഗ് മുരളി | ,, |
| 8 | ശ്രീനന്ദ കെ.വി. | ,, |
| 9 | അഭിജിത്ത് പി. | ,, |
| 10 | ഭാമ കെ. | ,, |
| 11 | അദ്വൈദ് കെ. | ,, |

4) ആനുകൂല്യം ലഭിച്ച ചുവടെ ചേർത്ത വിദ്യാർഥികളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | സ്കൂളിന്റെ പേര് |
|---|---|---|
| 1 | അദ്വൈദ്.എം | ജി.എഫ്.വി.എച്ച്.എസ്.എസ്. ചെറുവത്തൂർ |

| | | |
|---|---|---|
| 2 | ദേവിക.പി.എസ് | ,, |
| 3 | ശ്രീലക്ഷ്മി.സി | ജി.എച്ച്.എസ്.എസ്. കുട്ടമത്ത് |
| 4 | അജയരാജ്.എം | ,, |
| 5 | അജിത് വിജയ് | ,, |
| 6 | കാർത്തിക് കൃഷ്ണൻ | ,, |
| 7 | പ്രയാഗ് മുരളി | ,, |
| 8 | ശ്രീനന്ദ.കെ.വി | ,, |
| 9 | അഭിജിത്ത്.പി | ,, |
| 10 | ഭാമ.കെ | ,, |

5) ആനുകൂല്യം ലഭ്യമായ വിദ്യാർത്ഥികളുടെ പട്ടിക ബന്ധപ്പെട്ട ഗ്രാമ സഭയിൽ അവതരിപ്പിച്ച് സാധൂകരണം ലഭ്യമാക്കിയതിന്റെ രേഖകളും, മോണിറ്ററിംഗ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശിത രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും നടത്തിയ 79,187/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.2/20-21 തിയതി 25-11-2021)

1-21 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചത് -അനുബന്ധരേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ്മാസ്റ്റർ

2020-21 വർഷം നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 0017/21 പ്രകാരം (മെരിറ്റോറിയസ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം) 22 വിദ്യാർഥികൾക്കായി 5.25 ലക്ഷം രൂപ വികസനഫണ്ട് എസ്.സി.പി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ.നം.01120186/ 20.2.2021 ₹ 4,55,000/- & 01120189/ 20.02.2021 തി. 20.02.2021 ₹70,000). പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) വിദ്യാർത്ഥികൾക്ക് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും, പട്ടിക ജാതി വികസന വകുപ്പിൽ നിന്നും സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലായെന്ന പട്ടികജാതി വികസന വകുപ്പ് ഓഫീസറിൽ നിന്നുമുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (അഭിരാമി.കെ.വി എന്ന വിദ്യാർഥി ഒഴികെ)

2) നന്ദന.എം D/O ജയപ്രകാശ് എന്ന വിദ്യാർത്ഥിയുടെ കോഴ്സ് സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

മേൽ പരാമർശിത രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും നടത്തിയ 5,05,000/- രൂപയുടെ (അഭിരാമി.കെ.വി എന്ന വിദ്യാർഥിക്ക് നൽകിയ 20,000 രൂപ ഒഴികെ) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 എസ്.എസ്.കെ. വിഹിതം നൽകിയത് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ്മാസ്റ്റർ

പ്രോജക്ട് നമ്പർ 0011/21 പ്രകാരം എസ്.എസ്.കെ വിഹിതമിനത്തിൽ 5,00,000/- രൂപ (ട്രഷറി ബിൽ നം.0549574/ 29.9.20) എസ്.എസ്.കെ. ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ മേൽ പ്രകാരമുള്ള 5,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ഹോമിയോ ഡിസ്പെൻസറിക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി പ്രൊജക്ട് നം 0073/20-21 പ്രകാരം 3 ലക്ഷം രൂപ, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴയ്ക്ക് കൈമാറിയിട്ടുണ്ട് (ട്രഷറി ബിൽ നം.1/ 23.10.2020). പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ 32,603/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിച്ച 2,67,397/- രൂപയുടെ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ 2,67,397/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.3/20-21 തിയതി 27-11-2021)

## 1-24 പച്ചക്കറി കൃഷി- ഗ്രോ ബാഗ് വിതരണം ചെയ്യതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 0192/2020-21, പച്ചക്കറി കൃഷി ഗ്രോബാഗ് വിതരണം |

| | |
|---|---|
| അടങ്കൽ | 7,34,000 (വികസന ഫണ്ട് 5,50,500രൂപ + ഗുണ-വിഹിതം സ്ഥാപനത്തിൽ അടക്കുന്നത് 1,83,500രൂപ) |
| പദ്ധതി വിഹിതം ചെലവഴിച്ചത് | 3,60,000രൂപ (ബില്ല് നം-12/തീ-6.2.2021)<br>1,90,500രൂപ (ബില്ല് നം-14/തീ-10.2.2021)<br>1,20,000 രൂപ (വൗച്ചർ നം-22001169 തീ-6.2.2021)<br>63,500രൂപ (വൗച്ചർ നം-22001198 തീ-12.2.2021)<br>7,34,000 രൂപ |
| റിമാർക്സ് | 367ഗുണഭോക്താക്കൾക്ക് 25 തൈകൾ വീതമുള്ള കിറ്റ് |

മേൽ പദ്ധതിക്ക വേണ്ടി പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ കാർഷിക കർമ്മസേന, പാക്കം എന്ന സ്ഥാപനത്തിൽ നിന്നാണ് പോട്ടിംഗ് മിശ്രിതം നിറച്ച തൈകൾ അടങ്ങുന്ന ഗ്രോബാഗ് വാങ്ങിയത്. തൈകൾ/കിറ്റുകൾ എന്നിവ അടങ്ങുന്ന കിറ്റുകൾ വിതരണം ചെയ്തതല്ലാതെ കിറ്റിലടങ്ങിയിരിക്കുന്ന തൈകൾ/വിത്തുകൾ എന്തൊക്കെയാണെന്ന് പ്രൊജക്ട്, പർച്ചേസ് ബില്ലുകൾ, വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് എന്നിവയിലൊന്നും രേഖപ്പെടുത്തിയിട്ടില്ല. സ.ഉ. (കൈ) നം.22/2018/ തസ്വഭവ, തീ. 14.12.2018 പതിമൂന്നാം പഞ്ചവത്സര പദ്ധതി ധന വിനിയോഗ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 പ്രകാരം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ /തൈകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. എന്നാൽ സ്ഥലവിസ്തൃതി കണക്കിലെടുക്കാതെ മുഴുവൻ അപേക്ഷകർക്കും ഓരോ കിറ്റുകൾ വീതം വിതരണം ചെയ്യുകയാണുണ്ടായത്.

കിറ്റ് വിതരണം നടത്തിയതല്ലാതെ പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഫയലിലില്ല. കാർഷിക മേഖലയിൽ പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കുമ്പോൾ ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത, വിളവിസ്തൃതി, ഉത്പാദനക്ഷമത, ജൈവകൃഷി പ്രോത്സാഹനം, സംയോജിത കൃഷി സമ്പ്രദായങ്ങൾ വഴി കർഷകന് കൃഷി ഭൂമിയിൽ നിന്ന് പരമാവധി വരുമാനം, തരിശു ഭൂമിയിലെ കൃഷി തുടങ്ങി പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതിക്കായുള്ള മാർഗ്ഗ രേഖയിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ട പ്രൊജക്ടുകൾ വിഭാവനം ചെയ്യുകയാണ് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ചുമതല. വിത്തുകൾ, തൈകൾ എന്നിവ സ്ഥല വിസ്തൃതി പരിഗണിക്കാതെ വിതരണം ചെയ്തത് മേൽ ലക്ഷ്യം കൈവരിക്കുന്നതിന് അപര്യാപ്തവും പദ്ധതിപണം ചെലവഴിക്കുക എന്ന ലക്ഷ്യം മാത്രം കൈവരിക്കുന്നതിന് ഉതകുന്നതുമാണ്. ധനവിനിയോഗ മാർഗ്ഗരേഖ ഖണ്ഡിക 6-1 പ്രകാരം ചെറുകിട / നാമമാത്ര കർഷകർ, പാട്ടകൃഷിക്കാർ, കർഷക ഗ്രൂപ്പുകൾ തുടങ്ങിയവർക്ക് ആനുകൂല്യം നൽകാവുന്നതാണ്. എന്നാൽ നാമമാത്ര കർഷകർക്ക് മാത്രമാണ് വിത്തുകൾ /തൈകൾ വിതരണം ചെയ്തതായി കാണുന്നത്. പ്രാദേശികമായ പ്രത്യേകതകൾ പരിഗണിച്ച് വിതരണം ചെയ്യേണ്ട വിത്തിനങ്ങൾ /തൈകൾ എന്തൊക്കെയെന്ന് വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്യാതെയും പ്രൊജക്ടിൽ രേഖപ്പെടുത്താതെയും സുതാര്യമല്ലാതെ പദ്ധതി നടപ്പാക്കിയത് വിശദീകരിക്കേണ്ടതാണ്. 7,34,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-25 കാർഷിക മേഖലയിലെ പദ്ധതികൾ- നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ – കൃഷി ഓഫീസർ

2020-21 വർഷത്തിൽ കാർഷിക മേഖലയിൽ 8 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ പച്ചക്കറി കൃഷി, കിഴങ്ങ് കൃഷി വികസനം, ഫലവർഗ്ഗ വിളകളുടെ തൈ വിതരണം, നെൽകൃഷി - വിത്ത് കൂലിചെലവ് വിതരണം, തരിശു ഭൂമിക്ക് ധന സഹായം, നെൽകൃഷി വികസന പദ്ധതി, വാഴകൃഷി

വികസനം, തെങ്ങ് കൃഷി വികസനം തുടങ്ങിയ വിവിധങ്ങളായ പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) സ.ഉ. (സാ ധാ) നം. 1009/2020/ ത.സ്വ.ഭ.വ /29.05.20 പ്രകാരമുള്ള സബ്സിഡി മാർഗരേഖ ഭേദഗതി ഖ. 2.5.5 അനുസരിച്ച് വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്. എന്നാൽ പദ്ധതികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ വിള ഇൻഷൂർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും, പദ്ധതി പൂർത്തീകരണ പത്രം തയ്യാറാക്കലും നടന്നതായി കാണുന്നില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതാണ്. സ.ഉ. (കൈ)നം. 11/2018/ തസ്വഭവ / 29.01.2018 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ നടന്നിട്ടില്ല എന്ന് വ്യക്തമാകുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 അഗതിരഹിത കേരളം - ഭവനം പദ്ധതി -പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്റ്റ് നം.0027/21

അടങ്കൽ - 3,00,000/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 3,00,000/-രൂപ

ബിൽ നം.07/2020-21/28.1.2021 – 3,00,000/-രൂപ

അഗതിരഹിത കേരളം ഭവന പദ്ധതിക്കു വേണ്ടി 2020-21 വർഷത്തിൽ വകയിരുത്തിയ 3,00,000/-രൂപ മേൽ ബിൽ പ്രകാരം കുടുംബശ്രീ സി.ഡി.എസിന് കൈമാറി. ടി തുക 1.2.2021 ന് സി.ഡി.എസ്. അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. (അക്കൗണ്ട് നം.40436101029996/ കേരളാ ഗ്രാമീൺ ബാങ്ക്) 2020-21 വർഷത്തിൽ അഗതി രഹിത കേരളം പദ്ധതിയിൽ ഒരു ഗുണഭോക്താവാണ് ഉള്ളത്, ശ്രീ.വി.കെ.മൂസ, വി.കെ. ഹൗസ്, ചെറുവത്തൂർ. സി.ഡി.എസ് മെമ്പർ സെക്രട്ടറി പരിശോധനക്ക് ഹാജരാക്കിയ ഫയൽ പ്രകാരം ടിയാന് ആദ്യഗഡുവായി 40000/- രൂപ നൽകിയിട്ടുണ്ട്. ചെക്ക് നം. 031634/ 20.11.2021. ടിയാനുമായി ഒപ്പിട്ട കരാർ ഹാജരാക്കിയതിൽ കരാർ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ കരാറിലെ 4-ാമത്തെ വ്യവസ്ഥ പ്രകാരം കരാർ ഒപ്പിട്ട് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിച്ചിരിക്കണം. ടിയാൻ ഭവന നിർമ്മാണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.06/30.11.2021 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയത് ഇപ്രകാരമാണ്. കരാറിൽ തിയ്യതി ചേർക്കാൻ വിട്ടുപോയി, നിലവിൽ ചേർത്തിട്ടുണ്ട്, 12.11.2021 നാണ് കരാർ ഒപ്പിട്ടത് എന്നും ടിയാൻ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നുമാണ് മറുപടി നൽകിയത്. ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം.0204/21

അടങ്കൽ - 1,35,000/-രൂപ – തനത് ഫണ്ട്

ചെലവ് - 1,34,,000/-രൂപ

ബില്ല് നം.05/2020-21/ 1.10.2020 – 1,34,000/- രൂപ

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ മുല്ലാക്കതിർ പട്ടിക ജാതി കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടാനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി കേരളാ ജല അതോറിറ്റി കാസറഗോഡ് എക്സി.എഞ്ചിനീയർ നം.2019/ 19612 പ്രകാരം 1,34,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കത്ത് നം.ഡി-1/19612/ 2020/ തിയ്യതി 13.2.2020 പ്രകാരം തുക ഒടുക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ബിൽ നം.05/ 2020-21/ 1.10.2020 പ്രകാരം 1,34,000/- രൂപ കേരളാ ജല അതോറിറ്റി കാസറഗോഡിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. (അക്കൗണ്ട് നം.10510439545/എസ്.ബി.ഐ സിവിൽ സ്റ്റേഷൻ ബ്രാഞ്ച്, വിദ്യാനഗർ). പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.07/30.11.2021 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയത് ഇപ്രകാരമാണ്. ഈ പ്രവൃത്തി ജലജീവൻ പദ്ധതി പ്രകാരം പൂർത്തീകരിച്ചിട്ടുണ്ടെന്നും, പ്രസ്തുത തുക ജലജീവൻ പദ്ധതിയിലെ ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി വക കൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് കേരളാ ജല അതോറിറ്റി അധികാരികൾ അറിയിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. അതുപോലെ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകളും പദ്ധതിയിൽ ഉൾപ്പെടുത്തിയതിന് കേരളാ ജല അതോറിറ്റിയുടെ നടപടി ക്രമവും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 1,34,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-28 പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം.0161/21

അടങ്കൽ - 4,61,331/-രൂപ (എസ്.സി.പി.)

ചെലവ് - 4,17,527/-രൂപ

ബിൽ നം.01/2020-21/ 5.4.2020 – 2,72,603/- രൂപ

ബിൽ നം.02/2020-21/ 5.4.2020 – 1,44,924/- രൂപ

ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിലെ ഗുളികൻ ദേവസ്ഥാനം കൈതക്കാട്, പയ്യങ്കി, തെക്കേവളപ്പ് തുടങ്ങിയ പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് ലൈൻ വലിക്കാനുള്ളതാണ് ഈ പദ്ധതി. 2019-20 നടപ്പിലാക്കാത്ത ഈ പദ്ധതി 2020-21 വർഷത്തിൽ സ്പിൽ ഓവർ ആയി നടപ്പിലാക്കുകയാണ് ചെയ്തത്. ഗുളികൻ ദേവസ്ഥാനം കൈതക്കാട്, പയ്യങ്കി എന്നവിടങ്ങളിലേക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡ്, പടന്ന സെക്ഷൻ ഇതിനായി എസ്റ്റിമേറ്റ് സമർപ്പിക്കുകയും, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, പിലിക്കോട് സെക്ഷൻ അസി.എഞ്ചിനീയറുടെ കത്ത് നം. DB25/ AS/ 41/ 19-20/ Dt.30.1.2020 പ്രകാരം 2,72,603/- രൂപ ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തെക്കേ വളപ്പ് കോളനിയിലേക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡ്, പിലിക്കോട് സെക്ഷൻ അസി.

എഞ്ചിനീയറുടെ കത്ത് നം.DB25/ AS/45/19-20/ Dt.7.2.2020 പ്രകാരം 1,44,924/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും, എസ്റ്റിമേറ്റ് തുക ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അസി. എഞ്ചിനീയർ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, പിലിക്കോട് സെക്ഷന് ആകെ 4,17,527/- രൂപ മേൽ ബില്ലുകൾ പ്രകാരം കൈമാറിയിട്ടുണ്ട്. (അക്കൗണ്ട് നം.67033196928/എസ്.ബി.ഐ).

താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1) ഈ പദ്ധതിയുടെ 2 എസ്റ്റിമേറ്റുകൾക്ക് ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) ഗുളികൻ ദേവസ്ഥാനം കൈതക്കാട്, പയ്യങ്കി എന്നിവിടങ്ങളിൽ പദ്ധതി പൂർത്തീകരിച്ചതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ്, പടന്ന സെക്ഷൻ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. തെക്കേവളപ്പ് പ്രദേശത്തെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.08/30.11.2021 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയത് ഇപ്രകാരമാണ്. ഈ പ്രവൃത്തി പൂർത്തീകരിക്കാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്. എസ്റ്റിമേറ്റുകൾക്ക് ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പൂർത്തീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 1,44,924/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-29 ബഡ്സ് സ്കൂളിലേക്ക് ഭിന്നശേഷി സൗഹൃദ ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം.0206/21

അടങ്കൽ - 2,00,000/-രൂപ (സംസ്ഥാനാവിഷ്കൃത ഫണ്ട് )

ചെലവ് - 38,465/-രൂപ

വൗച്ചർ നം.22001375/17.3.2021 – 38,465/- രൂപ

ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിലെ ബഡ്സ് സ്കൂളിലേക്ക് ഭിന്നശേഷി സൗഹൃദ ഉപകരണങ്ങൾ വാങ്ങാനുള്ളതാണ് ഈ പദ്ധതി. 2019-20 ലെ ഈ പദ്ധതി 2020-21 ൽ സ്പിൽ ഓവർ ആയി നടപ്പിലാക്കുകയാണ് ചെയ്തത്. ഇതിനായി 19.12.2019 ൽ ടെണ്ടർ ക്ഷണിക്കുകയും 7.1.2020 ൽ ഐശ്വര്യ എന്റർ പ്രൈസസ് കാഞ്ഞങ്ങാട് സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് 2.3.2020 ൽ സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. ആകെ 24 കിച്ചൻ ഉപകരണങ്ങൾ ഐശ്വര്യ എന്റർ പ്രൈസസ് കാഞ്ഞങ്ങാട് ഇൻവോയ്സ് നം.1112,1113,1114/ തിയ്യതി 26.10.2020 പ്രകാരം വിതരണം ചെയ്തു. വൗച്ചർ നം. 22001375/ 17.3.2021 പ്രകാരം 38,465/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.7479200000023/ ബാങ്ക് ഓഫ് ബറോഡ).

താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1) ഈ പദ്ധതിയുടെ ടെണ്ടറിന് ഭരണസമിതിയും പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവ അംഗീകാരം നൽകിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

